പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2764     20.07.2011 ൽ മറുപടിയ്ക്ക്

വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി. സുധാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. വൈദ്യുതി ബോർഡ് വക സംവിധാനങ്ങളിൽ നിന്ന് അപകടമരണം സംഭവിക്കുന്ന ആളുകളുടെ കുടുംബത്തിന് വൈദ്യുതി വകുപ്പ് എന്തൊക്കെ ധനസഹായങ്ങളാണ് നൽകി വരുന്നത് ; | എ. വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന സ്ഥിരം ജീവനക്കാർക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് വയസ്സിന് ആനുപാതികമായ നഷ്ടപരിഹാരം (397480 രൂപാ മുതൽ 914160 രൂപ വരെ) ലഭിക്കുവാൻ അർഹതയുണ്ട്. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം ക്ലെയിം തുകയായി 8 ലക്ഷം രൂപ ഇൻഷുറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുവാൻ അർഹതയുണ്ട്. കൂടാതെ വൈദ്യുതിബോർഡിന്റെ തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപാ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിലുപരി അപകടമരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാരുടെ ആശ്രിതരിൽ ഒരാൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ആശ്രിതനിയമനത്തിനും അർഹതയുണ്ട്.<br><br>വൈദ്യുതി ബോർഡിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിക്കുന്ന 3 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാർ തൊഴിലാളികൾക്ക് |

| | |
|---|---|
| | 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച്, ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾക്കും, നിയമങ്ങൾക്കും വിധേയമായും വയസ്സിന് ആനുപാതികമായ നഷ്ടപരിഹാരം (397480/- മുതൽ 914160/- രൂപ വരെ) ലഭിക്കുന്നതിന് അർഹതയുണ്ട്.<br>ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും അപകടമരണം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതിപ്രകാരം ബോർഡിന്റെ ഫണ്ടിൽ നിന്ന് 1 ലക്ഷം രൂപ ആശ്വാസ ധനസഹായമായി നൽകിവരുന്നു. |
| ബി. 2001 മുതൽ 2011 വരെയുള്ള ഓരോ വർഷവും ഇപ്രകാരം അപകട മരണം സംഭവിച്ചവരുടെ പേരുവിവരങ്ങളും നൽകിയ ധനസഹായങ്ങളും വ്യക്തമാക്കുമോ ; ധനസഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ? | ബി. 2001 മുതൽ 2011 വരെ ഓരോ വർഷവും അപകടമരണം സംഭവിച്ച ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ, പൊതുജനങ്ങൾ ഇവരുടെ പേരുവിവരങ്ങളുടേയും അവർക്കു നൽകിയ ധനസഹായങ്ങളുടെയും വർഷം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.<br>അപകടമരണം സംഭവിക്കുന്നവർക്കുള്ള ധന സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ